## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 965 — 30/11/2018-ലെ മറുപടി

### ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടിശ്ശേരി അപ്പർ ചട്ട മൂന്നാർ ചെക്ക് ഡാമുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടിശ്ശേരി അപ്പർ ചട്ട മൂന്നാർ ചെക്ക് ഡാമുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ് ; | എ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് , ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമായാലുടൻ പണികൾ പുനരാരംഭിക്കാൻ കഴിയും.<br>അപ്പർ ചട്ട മൂന്നാർ ഡാമിന്റെ രൂപകല്പന ചെയ്യുന്നതിനാവശ്യമായ വിശദമായ കോണ്ടൂർ സർവ്വേ പൂർത്തീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 4(1) നോട്ടിഫിക്കേഷന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. മണ്ണ് പര്യവേഷണ ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതികമായി നടപടി ക്രമങ്ങളുടെ ഭാഗമായി ഉണ്ടാകാവുന്ന കാലതാമസമേ ഉണ്ടായിട്ടുള്ളൂ. |
| സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | സി | നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ